സഹകരണാശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ

31 (994) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണാശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് എന്തൊക്കെ പൊതുവായ്പാ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ :

(ബി) ഈ വർഷം ഇതുവരെ ഇത്തരത്തിൽ സൗജന്യ ചികിത്സയ്ക്കായി സഹകരണാശുപത്രികളിൽ ആകെ എന്തു തുക ചെലവാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) മാരക രോഗങ്ങൾക്കടിപ്പെട്ട പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് സഹകരണ ആശുപത്രികളിൽ ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) ഇക്കാര്യത്തിൽ പൊതുവായ മാനദണ്ഡം നിലവിലില്ല. സഹകരണ ആശുപത്രികൾ പൊതുവിൽ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സയും ചികിത്സാ ചെലവിൽ ഇളവും നൽകി വരുന്നുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) 2,81,59,721 രൂപ വിവിധ സഹകരണ ആശുപത്രികൾ ചെലവാക്കിയിട്ടുണ്ട്.

(സി) മാരക രോഗങ്ങൾക്കടിപ്പെട്ട പാവപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സാ സഹായം ലഭിക്കുന്നത് സംബന്ധിച്ച് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു സഹകരണ ആശുപത്രി

32 (995) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ പുതിയതായി എത്ര ആശുപത്രികൾ തുടങ്ങിയിട്ടുണ്ട് ; ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു സഹകരണ ആശുപത്രി എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ 20 ആശുപത്രികൾ തുടങ്ങിയിട്ടുണ്ട്. (വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്)* ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു സഹകരണ ആശുപത്രി എന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly